പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1849 — 22.03.2012 ൽ മറുപടിക്ക്

## സർക്കാർ വകുപ്പുകളുടെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് എത്ര സർക്കാർ വകുപ്പുകൾ ഇതിനകം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്; അവ ഏതെല്ലാം; | എ) എല്ലാ സർക്കാർ വകുപ്പുകളിലും ഘട്ടം ഘട്ടമായി കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കി വരുന്നു. എന്നാൽ ഒരു വകുപ്പും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടില്ല. |
| (ബി) ഇനി എത്ര വകുപ്പുകൾ കൂടി കമ്പ്യൂട്ടർവൽക്കരിക്കുവാനുണ്ട്; അവ ഏതെല്ലാം; എല്ലാ സർക്കാർ വകുപ്പുകളിലും അതാതു വകുപ്പുകളിലെ സാങ്കേതിക യോഗ്യതയുള്ളവരെ ഉൾപ്പെടുത്തി ഐ.ടി. ഡിവിഷൻ രൂപീകരിക്കണമെന്ന പഠന റിപ്പോർട്ടിലെ ശുപാർശ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (ബി) എല്ലാ വകുപ്പുകളിലും കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ കമ്പ്യൂട്ടർവൽക്കരണം പല ഘട്ടങ്ങളിലായി നടപ്പിലാക്കി വരികയാണ്. ധനകാര്യ വകുപ്പ്, പൊതുമരാമത്ത് (റോഡ്സ് ആന്റ് ബിൽഡിംഗ്സ്) വകുപ്പ്, വിവര സാങ്കേതിക വിദ്യാ വകുപ്പ്, കേരളാ ജല അതോറിറ്റി, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് തുടങ്ങിയവയിൽ ഐ.ടി. ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്. ഐ.ടി. ഡിവിഷൻ രൂപീകരിക്കുന്നതിന്റെ സാധ്യത പഠിക്കുവാനും അതോടൊപ്പം ഇ-ഗവേണൻസ് നന്നായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മറ്റു സംസ്ഥാനങ്ങളുടെ അനുഭവങ്ങൾ കൂടി പഠിക്കാനും ഒരു ഏജൻസിയെ ചുമതലപ്പെടുത്താനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (സി) വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വകാര്യ ഏജൻസികളെ ഇ-ഗവേണൻസിന് ചുമതലപ്പെടുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ ആ തീരുമാനം പുനഃപരിശോധിക്കുമോ ? | (സി) ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കാനുള്ള ഏജൻസികളെ തിരഞ്ഞെടുക്കുന്നത് പദ്ധതികളുടെ വ്യാപ്തി, നിർവ്വഹണ രീതി എന്നിവ കണക്കിലെടുത്താണ്. സംസ്ഥാന സർക്കാരിന്റെ അംഗീകാരമുള്ള ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡേഴ്സിൽ (ടി.എസ്.പി) നിന്നും, സ്വകാര്യ ഏജൻസികളിൽ നിന്നും ഏജൻസികളെ ഇപ്രകാരം തിരഞ്ഞെടുക്കാറുണ്ട്. കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന ഇ-ഗവേണൻസ് പദ്ധതികളിൽ ഇന്ത്യാ ഗവണ്മെന്റിന്റെയും/ ഡിപ്പാർട്ട്മെന്റ് ഓഫ് ഐ.ടി (ഡി.ഐ.ടി)യുടെയും എംപാനൽലിസ്റ്റിൽ നിന്നുള്ള ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡേഴ്സിൽ നിന്നും സുതാര്യമായ ടെണ്ടർ പ്രക്രിയയിലൂടെയാണ് ഏജൻസിയെ തിരഞ്ഞെടുക്കുന്നത്. ഇത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയങ്ങൾക്കും പ്രോജക്ട് ഗൈഡ് ലൈൻസിനും അനുസരണമാണ്. |

സെക്ഷൻ ഓഫീസർ